"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി - പ്രായ പരിധിയിൽ വ്യത്യാസമുള്ള അംഗങ്ങൾക്ക് ആനുകൂല്യം നൽകുന്നതിന് അനുമതി - കൃഷി ഡയറക്ടറുടെ നടപടിയ്ക്ക് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1033/2022/AGRI    തീയതി,തിരുവനന്തപുരം, 22-11-2022

---

പരാമർശം:-

1. സ.ഉ.(എം.എസ്) 122/1994/കൃഷി, തീയതി 30/03/1994.
2. സ.ഉ.(എം.എസ്) നം. 406/94/കൃഷി, തീയതി 18/11/1994
3. കൃഷി ഡയറക്ടറുടെ 22/10/2022 തീയതിയിലെ ടി.കെ(1)10630/2022 നമ്പർ കത്ത്.
4. 26/10/2022 തീയതിയിലെ അഗ്രി-പിബി1/206/2022 നമ്പർ സർക്കാർ കത്ത്.
5. കൃഷി ഡയറക്ടറുടെ 29/10/2022 തീയതിയിലെ ടി.കെ(2)37089/16 നമ്പർ സർക്കുലർ.
6. കൃഷി ഡയറക്ടറുടെ 31/10/2022 തീയതിയിലെ ടി.കെ(2)37089/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക മേഖലയുടെ അഭിവൃദ്ധി ലക്ഷ്യമിട്ട് കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലയെ സ്ഥിരം തൊഴിലായി സ്വീകരിച്ച് വിവിധ പരിപാടികൾ ഒറ്റയ്ക്കോ കൂട്ടായോ തിരഞ്ഞെടുത്ത് 20 മുതൽ 35 വയസ്സ് (SC/ST വിഭാഗത്തിന് 40 വയസ്സ്) വരെ പ്രായമുള്ള യുവജനങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുക, കൃഷിയിലേക്കാകർഷിക്കുക എന്നീ ലക്ഷ്യത്തോടെ ആരംഭിച്ച ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയ്ക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം ടി പദ്ധതിയിൽ ചേരുന്ന അംഗങ്ങൾക്ക് 1994 ജൂലൈ മാസം 1 തീയതി 20 വയസ്സ് പൂർത്തിയായവരും 35 വയസ്സ് കഴിയാത്തവരും, SC/ST വിഭാഗത്തിന് 20 വയസ്സിനും 40 വയസ്സിനും മദ്ധ്യേ പ്രായമുള്ളവരും ആയിരിക്കണമെന്ന മാനദണ്ഡം സർക്കാർ നിഷ്കർഷിച്ചിരുന്നു.

2) പദ്ധതിയിൽ നിഷ്കർഷിക്കുന്ന പ്രായപരിധിയിൽ നിന്ന് വ്യത്യസ്തമായി പദ്ധതി വിഹിതം അടച്ച് അംഗങ്ങളാകുകയും പദ്ധതിയിൽ തുടരുകയും ചെയ്യുന്ന പ്രായപരിധി വ്യത്യാസമുള്ള അംഗങ്ങൾ (പ്രായം കൂടിയവരും, കുറഞ്ഞവരും) നിലവിൽ പദ്ധതിയിൽ തുടരുന്നുവെന്നും പ്രസ്തുത അംഗങ്ങൾക്ക് ശരിയായ പ്രായപരിധിയിൽ ചേർന്ന അംഗങ്ങൾക്ക് അനുവദിക്കുന്ന

കാലയളവിൽ പെൻഷനും ഗ്രാറ്റുവിറ്റിയും, പദ്ധതി പ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം കൃഷി ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി. മേൽ പരാമർശിത പ്രായ പരിധി സംബന്ധിച്ച മാനദണ്ഡത്തിൽ നിന്നും വ്യത്യസ്തമായി ആകെ 444 അംഗങ്ങൾ പദ്ധതി വിഹിതം അടച്ച് അംഗത്വം നേടി പദ്ധതിയിൽ തുടരുന്നതായി അറിയിച്ചിരിക്കുന്നു.

3) പ്രസ്തുത അംഗങ്ങൾ പദ്ധതിയിൽ ചേരുന്ന സമയത്തും തുടർന്നും കാർഷിക മേഖലയിൽ മാതൃകാപരമായി തുടർന്ന് വന്നതിനാലാണ് മേൽ മാനദണ്ഡങ്ങൾക്ക് വിപരീതമായി പദ്ധതിയിൽ അംഗത്വം നൽകിയതെന്നും ആയതിനാൽ പ്രായപരിധി അധികരിച്ചവർക്ക് (ജനറൽ വിഭാഗം - ജൂലൈ 2019 ന് മുൻപ് 60 വയസ്സ് പൂർത്തിയായവർ, എസ് സി /എസ് റ്റി വിഭാഗം 2014 ന് മുൻപ് 60 വയസ്സ് പൂർത്തിയായവർ) പദ്ധതി പ്രകാരം അനുവദനീയമായ കാലയളവ് തൊട്ടും പ്രായപരിധിയിലും പ്രായമുള്ളവർക്ക് (ജൂലൈ 2034 ന് ശേഷം 60 വയസ്സ് പൂർത്തിയാകുന്നവർ) 60 വയസ് തികയുന്ന കാലയളവ് മുതൽ പെൻഷനും ഗ്രാറ്റുവിറ്റിയും ലഭ്യമാക്കുവാൻ കൃഷി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഒരു ലക്ഷം യുവജങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി അംഗത്വത്തിനായ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പ്രായപരിധിയിൽ നിന്ന് വ്യത്യസ്തമായി പദ്ധതി വിഹിതം അടച്ച് അംഗങ്ങളാകുകയും പദ്ധതിയിൽ തുടരുകയും ചെയ്യുന്ന പ്രായപരിധിയിൽ വ്യത്യാസമുള്ള പരാമർശം (3) പ്രകാരം കൃഷി ഡയറക്ടർ ലഭ്യമാക്കിയ 444 അംഗങ്ങൾക്കും (പ്രായം കൂടിയവരും, കുറഞ്ഞവരും) ശരിയായ പ്രായപരിധിയിൽ ചേർന്ന അംഗങ്ങൾക്ക് അനുവദിക്കുന്ന കാലയളവിൽ പെൻഷനും ഗ്രാറ്റുവിറ്റിയും, പദ്ധതി പ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങളും നൽകുവാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കുവാനും പരാമർശം (4) പ്രകാരം കൃഷി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

5) തുടർന്ന് കൃഷി വകുപ്പ് നടപ്പാക്കുന്ന 'കൃഷി ദർശൻ' പരിപാടിയുടെ ഭാഗമായി തൃശ്ശൂർ ഒല്ലൂക്കര ബ്ലോക്കിൽ നടപ്പാക്കിയ കൃഷി അദാലത്തിന്റെ ഭാഗമായി പരാമർശം (4) ന്റെ അടിസ്ഥാനത്തിൽ മേൽ നിർദ്ദേശം നടപ്പാക്കിക്കൊണ്ട് കൃഷി ഡയറക്ടർ പരാമർശം (5) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (6) പ്രകാരം കൃഷി ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

6) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഒരു ലക്ഷം യുവജങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി അംഗത്വത്തിനായ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പ്രായപരിധിയിൽ നിന്ന് വ്യത്യസ്തമായി പദ്ധതി വിഹിതം അടച്ച് അംഗങ്ങളാകുകയും പദ്ധതിയിൽ തുടരുകയും ചെയ്യുന്ന പ്രായപരിധിയിൽ വ്യത്യാസമുള്ള പരാമർശം (3) പ്രകാരം കൃഷി ഡയറക്ടർ ലഭ്യമാക്കിയ 444 അംഗങ്ങൾക്കും (പ്രായം കൂടിയവരും, കുറഞ്ഞവരും) ശരിയായ പ്രായപരിധിയിൽ ചേർന്ന അംഗങ്ങൾക്ക് അനുവദിക്കുന്ന കാലയളവിൽ പെൻഷനും ഗ്രാറ്റുവിറ്റിയും, പദ്ധതി പ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങളും നൽകികൊണ്ടുള്ള കൃഷി ഡയറക്ടറുടെ നടപടിയ്ക്ക് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ- കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Nisha T K
Date: 22-11-2022 14:06:54
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ് -ന്